**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1009** **24-02-2022 - ൽ മറുപടിയ്ക്ക്**

**അമൃത് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അമൃത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ; | (എ) | ഗുരുവായൂർ മുൻസിപ്പാലിറ്റി- ഇല്ലിക്കൽ മുതൽ ഗുരുവായൂർ കോട്ടപ്പടി വരെ റോ വാട്ടർ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന അമൃത് 2017-18 വർഷത്തെ പ്രവർത്തിയിൽ ഉൾപ്പെടുത്തിയാണ് ഏകദേശം 22.22 കി.മീറ്റർ നീളമുള്ള തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ പ്രവൃത്തികൾ നടത്തുന്നത്. ഇതിന്റെ എസ്റ്റിമേറ്റ് തുക ഏകദേശം 42,28,81,845/- രൂപ ആണ്. |
| (ബി) | പദ്ധതി പ്രകാരം പ്രസ്തുത റോഡിലെ ഏതെല്ലാം സ്ഥലങ്ങളിൽ പൈപ്പിടൽ, റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം സ്ഥലങ്ങളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | പദ്ധതി പ്രകാരം പൈപ്പിടൽ റെസ്റ്റോറേഷൻ പൂർത്തീകരിച്ച റോഡുകൾ. 1. പെരിങ്ങോട്ടുകര മൂന്നുംകൂടിയ വഴി മുതൽ നാലുംകൂടിയ വഴി വരെ പൈപ്പ് സ്ഥാപിച്ച് റോഡ് റെസ്റ്റോറേഷൻ (പി.ഡബ്ല്യു.ഡി) പൂർത്തീകരിച്ചു. 2. പെരിങ്ങോട്ടുകര നാലുംകൂടിയ വഴി മുതൽ പുത്തൻപീടിക വരെ പൈപ്പ് സ്ഥാപിച്ച് ലെവലിംഗ് കോഴ്സ് പൂർത്തിയാക്കി. 3. അന്തിക്കാട് മുതൽ മുല്ലശ്ശേരി വരെ പൈപ്പ് സ്ഥാപിച്ച് റോഡ് റെസ്റ്റോറേഷൻ പൂർത്തീകരിച്ചു (പി.ഡബ്ല്യു.ഡി). പദ്ധതി പ്രകാരം പൈപ്പിടൽ റെസ്റ്റോറേഷൻ പൂർത്തീകരിക്കേണ്ട റോഡുകൾ. 1. പുത്തൻപീടിക മുതൽ മഞ്ചപ്പിത്തം ബസ് സ്റ്റോപ്പ് വരെ പൈപ്പ് സ്ഥാപിച്ചു. റോഡ് റെസ്റ്റോറേഷൻ പുരോഗമിക്കുന്നു. 2. മഞ്ചപ്പിത്തം ബസ് സ്റ്റോപ്പ് മുതൽ അന്തിക്കാട് വരെ പൈപ്പിടൽ പുരോഗമിക്കുന്നു. ആയതിന്റെ 90% പൂർത്തിയായി. 3. മുല്ലശ്ശേരി മുതൽ കുമ്പുള്ളി പാലം വരെ പൈപ്പിടൽ പൂർത്തീകരിച്ച് പ്രഷർ ടെസ്റ്റ് കഴിഞ്ഞു. റോഡ് റെസ്റ്റോറേഷൻ പുരോഗമിക്കുന്നു. 4. കുമ്പുള്ളി പാലം മുതൽ പാവറട്ടി വരെ അടങ്കൽ തയ്യാറാക്കി പരിശോധനയിൽ ആണ്. 5. പാവറട്ടി മുതൽ മാമാ ബസാർ വരെ പൈപ്പ് സ്ഥാപിച്ചു. റോഡ് റെസ്റ്റോറേഷൻ പുരോഗമിക്കുന്നു. 6. മാമാ ബസാർ മുതൽ പാലയൂർ പള്ളി വരെ റെയിൽവേ ജോലികളുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം |

| | | | |
|---|---|---|---|
| | | | പരിമിതപ്പെടുത്തിയതിനാൽ പ്രവൃത്തി ഉടൻ ആരംഭിക്കുവാൻ സാധിക്കും. പ്രവർത്തികൾ 2022 ഏപ്രിൽ 30 ന് അകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) | പ്രസ്തുത റോഡിലെ ശേഷിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ? | (സി) | പദ്ധതി പ്രകാരം പൈപ്പിടൽ റെസ്റ്റോറേഷൻ പൂർത്തീകരിച്ച റോഡുകൾ. 1. പെരിങ്ങോട്ടുകര മൂന്നുംകൂടിയ വഴി മുതൽ നാലുംകൂടിയ വഴി വരെ പൈപ്പ് സ്ഥാപിച്ച് റോഡ് റെസ്റ്റോറേഷൻ (പി.ഡബ്ല്യു.ഡി) പൂർത്തീകരിച്ചു. 2. പെരിങ്ങോട്ടുകര നാലുംകൂടിയ വഴി മുതൽ പുത്തൻപീടിക വരെ പൈപ്പ് സ്ഥാപിച്ച് ലെവലിംഗ് കോട്ട് പൂർത്തിയാക്കി. 3. അന്തിക്കാട് മുതൽ മുല്ലശ്ശേരി വരെ പൈപ്പ് സ്ഥാപിച്ച് റോഡ് റെസ്റ്റോറേഷൻ പൂർത്തീകരിച്ചു (പി.ഡബ്ല്യു.ഡി). പദ്ധതി പ്രകാരം പൈപ്പിടൽ റെസ്റ്റോറേഷൻ പൂർത്തീകരിക്കേണ്ട റോഡുകൾ. 1. പുത്തൻപീടിക മുതൽ മഞ്ഞപ്പിത്തം ബസ് സ്റ്റോപ്പ് വരെ പൈപ്പ് സ്ഥാപിച്ചു. റോഡ് റെസ്റ്റോറേഷൻ പുരോഗമിക്കുന്നു. 2. മഞ്ഞപ്പിത്തം ബസ് സ്റ്റോപ്പ് മുതൽ അന്തിക്കാട് വരെ പൈപ്പിടൽ പുരോഗമിക്കുന്നു. ആയതിന്റെ 90% പൂർത്തിയായി. 3. മുല്ലശ്ശേരി മുതൽ കുമ്പുള്ളി പാലം വരെ പൈപ്പിടൽ പൂർത്തീകരിച്ച് പ്രഷർ ടെസ്റ്റ് കഴിഞ്ഞു. റോഡ് റെസ്റ്റോറേഷൻ പുരോഗമിക്കുന്നു. 4. കുമ്പുള്ളി പാലം മുതൽ പാവറട്ടി വരെ അടങ്കൽ തയ്യാറാക്കി പരിശോധനയിൽ ആണ്. 5. പാവറട്ടി മുതൽ മാമാ ബസാർ വരെ പൈപ്പ് സ്ഥാപിച്ചു. റോഡ് റെസ്റ്റോറേഷൻ പുരോഗമിക്കുന്നു. 6. മാമാ ബസാർ മുതൽ പാലയൂർ പള്ളി വരെ റെയിൽവേ ജോലികളുമായി ബന്ധപ്പെട്ട് വാഹന ഗതാഗതം പരിമിതപ്പെടുത്തിയതിനാൽ പ്രവൃത്തി ഉടൻ ആരംഭിക്കുവാൻ സാധിക്കും. പ്രവർത്തികൾ 2022 ഏപ്രിൽ 30 ന് അകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ